**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2801 — 17.10.2016 ൽ മറുപടിക്ക്

## പാട്ടൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വെങ്കിടങ്ങ് പഞ്ചായത്തിലെ പാട്ടൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും കണക്കുകൾ വ്യക്തമാക്കാമോ; | (എ) | പാട്ടൂർ പി.എച്ച്.സി.യിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | പ്രസ്തുത പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം നടന്നതെന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം 03.10.2015 ലാണ് നടന്നത്. |
| (സി) | പ്രസ്തുത ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) | നിലവിൽ ക്വാർട്ടേഴ്സിൽ ആരും താമസിക്കുന്നില്ല. |
| (ഡി) | ഉദ്ഘാടനം കഴിഞ്ഞു വെറുതെകിടക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ ക്വാർട്ടേഴ്സിൽ ഡോക്ടർമാർ താമസിച്ച് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ക്വാർട്ടേഴ്സിൽ കറണ്ട് കണക്ഷൻ വാട്ടർ കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല. അവ ലഭ്യമാക്കി, താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രൈമറി ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ എടുക്കുമോ? | (ഇ) | ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |

| ക്രമ നം. | ഉദ്യോഗപ്പേര് | അനുവദിച്ച എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 3 |
| 2 | സ്റ്റാഫ് നഴ്സ് | 2 |
| 3 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 4 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 2 |
| 5 | ഫാർമസിസ്റ്റ് | 1 |
| 6 | പാർട്ട് ടൈം ക്ലീനർ | 1 |
| 7 | ക്ലർക്ക് | 1 |
| 8 | ആഫീസ് അറ്റൻഡന്റ് | 1 |
| 9 | ജെ.പി.എച്ച്.എൻ | 6 |
| 10 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 |
| 11 | ജെ.എച്ച്.ഐ. ഗ്രേഡ്-2 | 3 |

സെക്ഷൻ ഓഫീസർ